"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യവകുപ്പിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി കേഡർ തസ്തിക സൃഷ്ടിച്ച ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ(എം) വകുപ്പ്**

സ.ഉ.(കൈ) നം.71/2026/H&FWD തീയതി,തിരുവനന്തപുരം, 04-03-2026

---

പരാമർശം:-

1. സ.ഉ(പി) നം.48/2022/H&FWD, തീയതി 24.08.2022
2. സ.ഉ(കൈ) നം. 382/2025/H&FWD, തീയതി 05.11.2025
3. സ.ഉ(കൈ) നം. 436/2025/H&FWD , തീയതി 23.12.2025

ആരോഗ്യവകുപ്പ് ഡയറക്ടറുടെ 26.11.2025, 01.01.2026 തീയതികളിലെ DHS/19218/2025-EB1 നമ്പർ കത്തുകൾ

**ഉത്തരവ്**

ആരോഗ്യവകുപ്പിലെ സൂപ്പർ സ്പെഷ്യാലിറ്റി കേഡറിന്റെ സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തി പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ കൺസൾട്ടന്റ് ഗ്യാസ്ട്രോ എൻട്രോളജി, കൺസൾട്ടന്റ് കാർഡിയോ തൊറാസിക് സർജൻ എന്നീ തസ്തികകൾ യഥാക്രമം കൺസൾട്ടന്റ് മെഡിക്കൽ ഗ്യാസ്ട്രോ എന്ററോളജി, കൺസൾട്ടന്റ് തൊറാസിക് സർജറി എന്നിവയായി ഭേദഗതി വരുത്തുകയുണ്ടായി. എന്നാൽ പരാമർശം (2),(3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്തുത തസ്തികകൾ കൺസൾട്ടന്റ് ഗ്യാസ്ട്രോഎന്ററോളജി, കൺസൾട്ടന്റ് കാർഡിയോ തൊറാസിക് സർജറി എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പരാമർശം (1) പ്രകാരമുള്ള സ്പെഷ്യൽ റൂൾസിലും പരാമർശം (2), (3) പ്രകാരമുള്ള ഉത്തരവിലും രണ്ട് വിധത്തിൽ തസ്തികകൾ രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ഇക്കാര്യത്തിൽ വ്യക്തത വരുത്തണമെന്നും ആരോഗ്യ വകുപ്പിൽ അത്യന്താപേക്ഷിതമായിട്ടുള്ളത് മെഡിക്കൽ ഗ്യാസ്ട്രോ എന്ററോളജി തസ്തിക ആയതിനാൽ തസ്തിക സൃഷ്ടിച്ച ഉത്തരവിൽ കൺസൾട്ടന്റ് മെഡിക്കൽ ഗ്യാസ്ട്രോഎന്ററോളജി ഉൾപ്പെടുത്തണമെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2),(3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവുകളിൽ ഉൾപ്പെടുത്തിയിരുന്ന കൺസൾട്ടന്റ് ഗ്യാസ്ട്രോഎന്ററോളജി, കൺസൾട്ടന്റ് കാർഡിയോ തൊറാസിക് സർജൻ എന്നീ തസ്തികകൾ സൂപ്പർ സ്പെഷ്യാലിറ്റി കേഡറിന്റെ വിശേഷാൽ ചട്ടങ്ങളിൽ പരാമർശിച്ചിരിക്കും പ്രകാരം യഥാക്രമം കൺസൾട്ടന്റ് മെഡിക്കൽ ഗ്യാസ്ട്രോഎന്ററോളജി, കൺസൾട്ടന്റ് തൊറാസിക് സർജറി എന്നിവയായി ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

3.മേൽ ഭേദഗതിയോടെ പരാമർശം (2),(3) ഉത്തരവുകൾ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുഭാഷ് ആർ

അഡിഷണൽ സെക്രട്ടറി

ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം

ധനകാര്യ വകുപ്പ്

പൊതുഭരണ (എസി.സി) വകുപ്പ്

ഡയറക്ടർ ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ് (വൈബ് &ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി ( HEALTH-M1/508/2025-HEALTH )

ഉത്തരവിൻ പ്രകാരം

Signed by

Rashmi D

Date: 04-03-2026 13:53:51

സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.ആരോഗ്യവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്